പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1475 **01-07-2026-ൽ മറുപടിയ്ക്ക്**

സംരംഭകത്വ വികസന പരിപാടി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. വി. പി. സജീന്ദ്രൻ

ശ്രീ. സേനാപതി വേണു

ശ്രീ. അബിൻ വർക്കി കോടിയാട്ട്

ശ്രീ. സി. വി. ശാന്തകുമാർ

മറുപടി നൽകിയ മന്ത്രി

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

(എ) മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പരിപാടി കാര്യക്ഷമമാക്കുന്നതിനായി എന്തൊക്കെ പരിഷ്കരണങ്ങളാണ് നടപ്പിൽ വരുത്താനുദ്ദേശിക്കുന്നത്;വ്യക്തമാക്കുമോ;

മറുപടി: 19/06/2026-ന് ബഹു.മുഖ്യമന്ത്രി അവതരിപ്പിച്ച ബജറ്റ് പ്രസംഗത്തിൽ , സംരംഭകത്വം കൂടുതൽ പ്രോത്സാഹിപ്പിക്കുന്നതിനും സൂക്ഷ്മ,ചെറുകിട, ഇടത്തരം വ്യവസായങ്ങളുടെ (MSME {Micro Small and Medium Enterprises}) വളർച്ചയ്ക്ക് പിന്തുണ നൽകുന്നതിനുമായി മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പരിപാടി (CMEDP) {Chief Minister's Entrepreneurship Development Programme} ശക്തിപ്പെടുത്തുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്.

ബജറ്റ് പ്രഖ്യാപനപ്രകാരം CMEDP പദ്ധതിയിലെ പരമാവധി വായ്പാതുക 2 കോടിയിൽ നിന്ന് 5 കോടിയായി വർദ്ധിപ്പിക്കുകയും മുഖ്യപ്രമോട്ടറുടെ ഉയർന്ന പ്രായപരിധി 50 വയസ്സിൽ നിന്ന് 60 വയസാക്കി ഉയർത്തുകയും ചെയ്തിട്ടുണ്ട്.

വായ്പകൾ 6% പരിശനിരക്കിൽ ലഭ്യമാക്കുമെന്നും സർക്കാർ 3% പലിശ സബ്സിഡി ആദ്യ അഞ്ച് വർഷത്തേക്ക് നൽകുമെന്നും പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി സംരംഭകർക്ക് എന്തൊക്കെ സേവനങ്ങളാണ് നൽകുവാൻ ഉദ്ദേശിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ;

മറുപടി: പദ്ധതി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി സംരംഭകർക്ക് 5 കോടി വരെ വായ്പ 6% ഇളവുള്ള പലിശനിരക്കിൽ ലഭ്യമാക്കും

ആദ്യ അഞ്ച് വർഷത്തേക്ക് 3% സർക്കാർ പലിശ സബ്സിഡി പ്രഖ്യാപിച്ചിട്ടുണ്ട്. സമയബന്ധിത തിരിച്ചടവിന് 2% പലിശ ഇളവ് നൽകുവാൻ ഉദ്ദേശിക്കുന്നു. ഇതുവഴി പുതിയ സംരംഭങ്ങൾ ആരംഭിക്കാനും നിലവിലുള്ള സംരംഭങ്ങൾ വികസിപ്പിക്കാനും തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കാനും ലക്ഷ്യമിടുന്നു. ബജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ 20/06/2026-ന് ചേർന്ന കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം, CMEDP പദ്ധതിയിൽ

ഭേദഗതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതിയുടെ ഭേദഗതി അംഗീകരിക്കുന്നത് സംബന്ധിച്ച ഫയൽ പരിശോധിച്ചുവരുന്നു.

(സി) പ്രസ്തുത പദ്ധതിയിൽ സംരംഭകരുടെ പ്രായപരിധി ഉയർത്തുന്നതിനും വായ്പാ തുകയുടെ പരിധി ഉയർത്തുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

മറുപടി: കൂടുതൽ സംരംഭകരുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനായി പദ്ധതിയിലെ മുഖ്യ പ്രമോട്ടറുടെ ഉയർന്ന പ്രായപരിധി 50 വയസ്സിൽ നിന്ന് 60 വയസ്സായി ഉയർത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

പദ്ധതി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി സംരംഭകർക്ക് 5 കോടി വരെ വായ്പ 6% ഇളവുള്ള പലിശനിരക്കിൽ ലഭ്യമാക്കും ആദ്യ അഞ്ച് വർഷത്തേക്ക് 3% സർക്കാർ പലിശ സബ്സിഡി പ്രഖ്യാപിച്ചിട്ടുണ്ട്. സമയബന്ധിത തിരിച്ചടവിന് 2% പലിശ ഇളവ് നൽകുവാൻ ഉദ്ദേശിക്കുന്നു. ഇതുവഴി പുതിയ സംരംഭങ്ങൾ ആരംഭിക്കാനും നിലവിലുള്ള സംരംഭങ്ങൾ വികസിപ്പിക്കാനും തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കാനും ലക്ഷ്യമിടുന്നു.

സെക്ഷൻ ഓഫീസർ